## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 127

31.01.2018 - ൽ മറുപടിക്ക്

## സ്ത്രീശാക്തീകരണത്തിനായുള്ള കുടുംബശ്രീയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.കെ.ദാസൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.കെ.ജെ.മാക്സി
ശ്രീ.ഡി.കെ.മുരളി

**ഉത്തരം**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സാമ്പത്തിക സ്വയം പര്യാപ്തതയിലൂടെ സ്ത്രീശാക്തീകരണത്തിനായുള്ള കുടുംബശ്രീയുടെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനായി അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. |
| (ബി) കാർഷിക രംഗത്ത് കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;ഉല്പാദനത്തോടൊപ്പം വിജയകരമായ വിപണനത്തിനായുള്ള പദ്ധതി വിശദമാക്കാമോ;ഓൺലൈൻ വിപണനവും ഡിജിറ്റൽ സാങ്കേതികവിദ്യയും വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; | (ബി) കാർഷിക മേഖലയിൽ കുടുംബശ്രീ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 4 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സംഘകൃഷി ഗ്രൂപ്പുകൾ 60,760 എണ്ണം പ്രവർത്തിച്ചുവരുന്നു. 53,000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് ടി ഗ്രൂപ്പുകളിലൂടെ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. സംഘകൃഷി ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് 3000 മാസ്റ്റർ കർഷകർ പ്രവർത്തിച്ചു വരുന്നു. 605 മാസ്റ്റർ കർഷക പരിശീലകർ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഓരോ സീസൺ അനുസരിച്ചിട്ടുള്ള പരിശീലനങ്ങളാണ് കുടുംബശ്രീ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കൂടാതെ പ്രദേശത്തിനനുയോജ്യമായ കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്നതിന് കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓരോ സിഡിഎസുകളിലും കർഷക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുകയും സ്ത്രീസൗഹൃദ കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

ഓരോ സീസണിലും കൃഷി ചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കുടുംബശ്രീ മിഷൻ ആരംഭിച്ച നൂതന പദ്ധതിയാണ് ജീവ (ജെ.എൽ.ജി ഇവാല്യവേഷൻ ഏജൻറ്). 605 ജീവ ടീം അംഗങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ കാർഷിക മേഖലയിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൃത്യമായി ജീവ ടീമിലൂടെ രേഖപ്പെടുത്താനാവും. 'ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി' എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേയ്ക്കും എത്തിയ്ക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാപദ്ധതി നടപ്പിലാക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.കെ.എസ്.പി. യുടെ ഭാഗമായുള്ള പദ്ധതിയുടെ ഭാഗമായി നാളിതുവരെ 17.4 ലക്ഷം കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുകയും കൃഷിയ്ക്കാവശ്യമായ വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കർഷകന് നല്ല വരുമാനം ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്ത് ഓരോ ബ്ലോക്കിലും 3 സിഡിഎസുകൾക്ക് സാമ്പത്തിക സഹായം നൽകുകയും ഓരോ ആഴ്ചയിലും നാട്ടുചന്ത എന്ന പേരിൽ ആഴ്ച ചന്ത സംഘടിപ്പിക്കുകയും ചെയ്യുവരുന്നു. സംഘകൃഷി ഗ്രൂപ്പ് അംഗങ്ങൾക്ക് നേരിട്ട് വിപണനം നടത്തുന്നതിനുള്ള സാധ്യത ഇതിലൂടെ ലഭ്യമാകും.

ഓൺ ലൈൻ വിപണനവും ഡിജിറ്റൽ സാങ്കേതിക വിദ്യയും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു.

(സി) സംരംഭങ്ങൾ വ്യാപിപ്പിക്കുന്നതിനായി നൽകി വരുന്ന പരിശീലനവും ധനസഹായവും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; 'ജീവനം 2017' ക്യാമ്പെയിന്റെ ലക്ഷ്യം എന്തായിരുന്നു; ആയതിന്റെ നേട്ടം അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(സി) സംരംഭങ്ങൾ വ്യാപിപ്പിക്കുന്നതിനായി പൊതു അവബോധ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, വൈദഗ്ദ്ധ്യ വികസന പരിശീലനം, പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്നിവയാണ് നൽകി വരുന്നത്. സംരംഭങ്ങൾക്കുള്ള ധനസഹായമായി ആർഎംഇ, യുവശ്രീ പദ്ധതികൾ മുഖേന പലിശ സബ്സിഡിയും റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്പ്ഗ്രേഡേഷൻ ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, ഇന്നോവേഷൻ ഫണ്ട് എന്നിവ നൽകി വരുന്നു. ഇതിനുപുറമെ ഈ സാമ്പത്തിക വർഷം സംരംഭ രൂപീകരണം ത്വരിതപ്പെടുത്തുന്നതിനായി സ്റ്റാർട്ട് അപ്പ് ഫണ്ടും തീരദേശ സംരംഭ വികസനത്തിനായി CME യും നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം രൂപീകരിച്ചിട്ടുണ്ട്.

വിപണനമേഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായാണ് 'ജീവനം - 2017' ഉപജീവന ക്യാമ്പയിൻ സംഘടിപ്പിച്ചത്. നിലവിലുള്ള സംരംഭങ്ങളെ

ശക്തിപ്പെടുത്തുന്നതിനും വിജയ സാധ്യതയുള്ളതും നൂതനവുമായ സംരംഭങ്ങൾ തദ്ദേശസ്വയംഭരണ പ്രദേശങ്ങൾക്കനുസൃതമായി ആരംഭിക്കുന്നതിനും ടി ക്യാമ്പെയിനിലൂടെ ലക്ഷ്യമിടുന്നു.

**നേട്ടങ്ങൾ**

42 നൂതന സംരംഭങ്ങൾ ആരംഭിച്ചു ഇന്നവേഷൻ ഫണ്ടായി 73 ലക്ഷം രൂപ നൽകി

21,904 പേർക്ക് പൊതു അവബോധ പരിശീലനവും 4458 പേർക്ക് വൈദഗ്ധ്യ പരിശീലനവും നൽകി. എംഇസി മാർ മുഖേന പിന്തുണാ സംവിധാനം ശക്തിപ്പെടുത്തി.

സംരംഭകർക്കാവശ്യമായ കണക്കെഴുത്ത് പരിശീലനം നൽകി.

പുതിയ എംഇസിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, തിരഞ്ഞെടുക്കപ്പെട്ട 16 എംഇസിമാർക്ക് ഐഎൽഒ-യുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ചെയ്തു.

സൂക്ഷ്മ സംരംഭം സർവ്വേ നടത്തി ഡാറ്റാ ബേയ്സ് രൂപീകരണത്തിന്റെ പ്രഥമ ഘട്ട ചർച്ച പൂർത്തീകരിച്ചു

172 വൈദഗ്ധ്യ പരിശീലന ഏജൻസികളെ ജില്ലാ തലത്തിൽ എംപാനൽ ചെയ്തു.

പ്രാദേശിക സാധ്യതയ്ക്കനുസരിച്ച് 19 കോമൺ ഫെസിലിറ്റി സെന്ററുകൾ രൂപീകരിച്ചു

കുടുംബശ്രീ മേളകളിലെ സജീവ സാന്നിദ്ധ്യമാവുകയും, ഓൺലൈൻ മാർക്കറ്റിംഗ്, കുടുംബശ്രീ ബസാർ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

സംസ്ഥാനത്താകെ 1260 സംരംഭങ്ങൾ ആരംഭിച്ചു

എസ്.സി വകുപ്പുമായി സംയോജിച്ച് 243 വനിതകൾക്ക് എസ്.സി കഫേ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു

ന്യൂട്രിമിക്സിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

വയോജന, പിഡബ്ല്യൂഡി, ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ സംരംഭ രൂപീകരണത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ